# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1.) പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പോളണ്ട്-യുക്രൈൻ സന്ദർശനത്തിന് നാളെ തുടക്കം.

Prime Minister Narendra Modi's visit to Poland-Ukraine begins tomorrow.

2.) ആരോഗ്യ പ്രവർത്തകരുടെ സുരക്ഷയ്ക്കായി ദേശീയ തലത്തിൽ മാനദണ്ഡങ്ങൾ തയ്യാറാക്കാൻ സുപ്രീംകോടതി നിർദ്ദേശം.

Supreme Court directive to prepare protocol at national level for safety of health workers.

3.) തൊഴിൽ, ഡിജിറ്റൽ സാങ്കേതികവിദ്യ, വിനോദസഞ്ചാരം തുടങ്ങി വിവിധ മേഖലകളിൽ കരാറുകളിൽ ഒപ്പുവച്ച് ഇന്ത്യയും മലേഷ്യയും.

India and Malaysia sign agreements in various sectors like employment, digital technology and tourism.

4.) സർക്കാർ ജോലികളിലെ ഉന്നത സ്ഥാനങ്ങളിലേക്കുള്ള സമാന്തര നിയമനം സംബന്ധിച്ച വിജ്ഞാപനം യു.പി.എസ്.സി പിൻവലിച്ചു.

The UPSC has withdrawn the notification of parallel recruitment to higher posts in Govt.

5.) വയനാട് ഉരുൾ പൊട്ടൽ ബാധിതരുടെ പുനരധിവാസം സംബന്ധിച്ച ചർച്ചകൾക്ക് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ.

**Kerala Chief Minister Pinarayi Vijayan says that the Chief Secretary has been entrusted for discussions regarding the rehabilitation of the Wayanad landslide victims.**

6.) ഹേമകമ്മിറ്റി റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ കേരളത്തിൽ സമഗ്ര സിനിമാ നയം നടപ്പാക്കുമെന്നും മുഖ്യമന്ത്രി.

**Kerala to implement comprehensive cinema policy on the basis of the Hema Committee report, says Chief Minister.**

&&&&&&&&&&&&&&&&&&

## HEADLINE – 1

**PM POLAND-UKRAINE VISIT**

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പോളണ്ട്-യുക്രൈൻ സന്ദർശനത്തിന് നാളെ തുടക്കം. രണ്ട് ദിവസത്തെ സന്ദർശനത്തിനായി പോളണ്ടിലെത്തുന്ന പ്രധാനമന്ത്രി, പോളിഷ് പ്രസിഡൻറ് - പ്രധാനമന്ത്രി എന്നിവർ ഉൾപ്പെടെയുള്ള നേതാക്കളുമായി കൂടിക്കാഴ്ചകൾ നടത്തും. പോളണ്ടിലെ ഇന്ത്യൻ സമൂഹവുമായും വ്യവസായികളുമായും അദ്ദേഹം സംവദിക്കും. തുടർന്ന് ഈ മാസം 23 ന് യുക്രൈനിലെത്തുന്ന പ്രധാനമന്ത്രി, യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായി കൂടിക്കാഴ്ച നടത്തും. യുക്രൈൻ പ്രസിഡൻറിൻറെ പ്രത്യേക ക്ഷണപ്രകാരമാണ് ശ്രീ മോദിയുടെ സന്ദർശനം.

&&&&&&&&&&&&&&&&&&

## HEADLINE – 2

**KOLKATA MURDER CASE-SC**

ഡോക്ടർമാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ദേശീയ ദൗത്യ സംഘത്തിന് രൂപം നൽകി സുപ്രീംകോടതി. ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും, ലിംഗപരമായ വിവേചനം തടയുന്നതിനുമായി ദേശീയ തലത്തിൽ പ്രോട്ടോക്കോൾ തയ്യാറാക്കണമെന്നും സുപ്രീംകോടതി നിർദ്ദേശിച്ചു. കൊൽക്കത്തയിൽ റസിഡൻ്റ് ഡോക്ടറെ ക്രൂരമായി കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് സ്വമേധയാ എടുത്ത കേസിൽ വാദം കേൾക്കുകയായിരുന്നു കോടതി. ആരോഗ്യ

മേഖലയിൽ ജോലി ചെയ്യുന്നവർ നിരന്തരം ആക്രമണങ്ങൾക്ക് വിധേയരാകേണ്ടി വരുന്നതായും, വനിതാ ഡോക്ടർമാർക്കാണ് കൂടുതലായി ഇത്തരം അക്രമങ്ങൾ നേരിടേണ്ടി വരുന്നതെന്നും ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഢ് അഭിപ്രായപ്പെട്ടു. കേസിൻ്റെ തൽസ്ഥിതി വിവരങ്ങൾ മറ്റന്നാൾ സമർപ്പിക്കണമെന്ന് സിബിഐക്ക് കോടതി നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&&

## DOCTOR – STRIKE CALLED OFF

കൊൽക്കത്തയിലെ ഡോക്ടറുടെ കൊലപാതകത്തിൽ പ്രതിഷേധിച്ച് ആർ എം എൽ ആശുപത്രിയിൽ റെസിഡൻറ് ഡോക്ടർമാർ നടത്തി വന്ന സമരം പിൻവലിച്ചു. Resident Doctor Association നാണ് സമരം പിൻവലിക്കുന്നതായ് പ്രസ്താവനയിൽ അറിയിച്ചത്. ആരോഗ്യപ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കുക, ബലാൽസംഗത്തിന് ഇരയായി കൊല്ലപ്പെട്ട വനിത ഡോക്ടർക്ക് നീതി ലഭ്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ സർക്കാർ അംഗീകരിച്ചതിനാലാണ് സമരം പിൻവലിച്ചത്.

&&&&&&&&&&&&&&&&&&

## CBI-FAKE LETTER

കൊൽക്കത്ത ആർ.ജി. കർ ആശുപത്രിയിലെ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിൻ്റെ അന്വേഷണം സംബന്ധിച്ച് സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിക്കുന്ന കത്ത് വ്യാജമാണെന്ന് സി.ബി.ഐ. ഒരു സി.ബി.ഐ ഉദ്യോഗസ്ഥൻ്റെ പേര് എടുത്തു പറഞ്ഞ്, സിബിഐ യിൽ നിന്നുള്ളതും കേസിൻ്റെ അന്വേഷണം പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്നതുമായ കത്തും അതിലെ ഉള്ളടക്കവും വ്യാജമാണെന്ന് സി.ബി.ഐ അറിയിച്ചു. സി.ബി.ഐയിൽ ഇത്തരമൊരു ഉദ്യോഗസ്ഥൻ ജോലി ചെയ്യുന്നില്ലെന്നും പൊതുജനങ്ങൾ ജാഗ്രത പുലർത്തണമെന്നും ഏജൻസി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## HEADLINE – 3

**INDIA - MALAYSIA (INTRO)**

പ്രധാനമന്ത്രി നരേന്ദ്ര മോദി, മലേഷ്യൻ പ്രധാനമന്ത്രി ദാതോ സെരി അൻവർ ബിൻ ഇബ്രാഹിമുമായി ഇന്ന് ന്യൂഡൽഹിയിൽ ചർച്ച നടത്തി. തൊഴിൽ, ആയുർവേദം, പരമ്പരാഗത മരുന്നുകൾ, ഡിജിറ്റൽ സാങ്കേതികവിദ്യ, സംസ്കാരം, വിനോദസഞ്ചാരം, കായികരംഗം തുടങ്ങിയ മേഖലകളിൽ ഇന്ത്യയും മലേഷ്യയും കരാറുകളിൽ ഒപ്പുവച്ചു. പ്രതിരോധ മേഖലയിലെ പരസ്പര സഹകരണത്തിൻ്റെ പുതിയ സാധ്യതകൾ ഇരുരാജ്യങ്ങളും ചർച്ച ചെയ്യതായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംയുക്ത വാർത്താസമ്മേളനത്തിൽ അറിയിച്ചു.

വിശദാംശങ്ങളിലേക്ക്.....

**(വോയ്സ്)**

ഭീകരതക്കും തീവ്രവാദത്തിനുമെതിരായ പോരാട്ടത്തിൽ ഇന്ത്യയും മലേഷ്യയും ഒറ്റക്കെട്ടായി നിലകൊള്ളുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഫിൻടെക്, അർദ്ധചാലകങ്ങൾ, പ്രതിരോധ വ്യവസായം, നിർമിത ബുദ്ധി, ക്വാണ്ടം ടെക്നോളജി തുടങ്ങിയ നൂതന സാങ്കേതിക മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കേണ്ടതിൻ്റെ ആവശ്യകത ശ്രീ മോദി എടുത്തു പറഞ്ഞു. ഇന്ത്യയുടെ യുപിഐ സംവിധാനത്തെ മലേഷ്യയുടെ പേനെറ്റുമായി ബന്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്തുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. മലേഷ്യയിൽ നിന്ന് കഴിഞ്ഞ വർഷം ഇന്ത്യയിൽ അഞ്ച് ബില്യൺ ഡോളറിൻ്റെ നിക്ഷേപമാണുണ്ടായത്. ഇന്ത്യയും മലേഷ്യയും തമ്മിലുള്ള വ്യാപാര ഇടപാടുകൾ ഇപ്പോൾ രൂപയിലും മലേഷ്യൻ കറൻസിയായ റിംഗിറ്റ്സിലും നടത്താനാകുമെന്നും ശ്രീ മോദി പറഞ്ഞു. ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കണമെന്ന് മലേഷ്യൻ പ്രധാനമന്ത്രി നിർദ്ദേശിച്ചു. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെയാണ് ദാതോ സെരി അൻവർ ബിൻ ഇബ്രാഹിം ഇന്ത്യയിലെത്തിയത്.

**ന്യൂസ്ഡെസ്ക് ആകാശവാണി....**

&&&&&&&&&&&&&&&&&&

**HEADLINE – 4**

**EVE. GOVT – LATERAL ENTRY**

സർക്കാർ ജോലികളിലെ ഉന്നത സ്ഥാനങ്ങളിലേക്കുള്ള സമാന്തര നിയമനം സംബന്ധിച്ച വിജ്ഞാപനം യു.പി.എസ്.സി പിൻവലിച്ചു. പ്രധാനമന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് നടപടി. ജോയിൻറ് സെക്രട്ടറി, ഡയറക്ടർ, ഡെപ്യൂട്ടി സെക്രട്ടറി സ്ഥാനങ്ങളിലേക്കുള്ള 45 നിയമനങ്ങൾ സംബന്ധിച്ച പരസ്യമാണ് പിൻവലിച്ചത്. സമാന്തര നിയമനങ്ങളിൽ സംവരണ നിബന്ധനകൾ പരിഗണിക്കണമെന്ന ദൃഢ നിശ്ചയമാണ് പ്രധാനമന്ത്രി ക്കുള്ളതെന്ന് യു പി എസ് സി ചെയർമാന് അയച്ച കത്തിൽ കേന്ദ്ര മന്ത്രി ജിതേന്ദ്ര സിങ് വ്യക്തമാക്കി. മുൻ സർക്കാരുകളുടെ കാലത്ത്, വിവിധ മന്ത്രാലയങ്ങളിലെ പ്രധാനപ്പെട്ട തസ്തികകളിൽ സംവരണ നടപടിക്രമങ്ങളൊന്നും പാലിക്കാതെ സമാന്തര നിയമനം നൽകിയിരുന്നതായും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**VAISHNAV**

സംവരണ തത്വങ്ങളുടെ അടിസ്ഥാനത്തിൽ സമാന്തര നിയമനം നടത്താനുള്ള തീരുമാനം സമൂഹിക നീതിയോടുള്ള പ്രധാനമന്ത്രിയുടെ പ്രതിബദ്ധതയാണ് വെളിവാക്കുന്നതെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. സമൂഹത്തിലെ ദുർബല വിഭാഗത്തിൻറെ ക്ഷേമം ഉറപ്പാക്കുന്ന പദ്ധതികളാണ് കേന്ദ്രം നടപ്പാക്കുന്നതെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEADLINE – 5

**KERALA CM – PRESS MEET**

കേരളത്തിൽ വയനാട് ഉരുൾ പൊട്ടലിൽ ദുരിത ബാധിതരുടെ പുനരധിവാസത്തിൻറെ വിവിധ വശങ്ങൾ വിദഗ്ധരുമായും ജനപ്രതിനിധികളുമായും ചർച്ച ചെയ്യാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ. എല്ലാവരുടെയും അഭിപ്രായങ്ങൾ ശേഖരിച്ച ശേഷം പുനരധിവാസ പദ്ധതിക്ക് അന്തിമ രൂപം

നൽകും. ദുരന്തത്തിൽ 179 പേരുടെ മൃതദേഹങ്ങളാണ് ഇതുവരെ തിരിച്ചറിഞ്ഞത്. 17 കുടുംബങ്ങളിൽ ഒരാളും അവശേഷിക്കുന്നില്ല. ഈ കുടുംബത്തിൽ നിന്ന് 65 പേരാണ് മരണമടഞ്ഞത്. 119 പേരെയാണ് ഇനി കണ്ടെത്താൻ അവശേഷിക്കുന്നത്.

&&&&&&&&&&&&&&&&&&

## HEADLINE – 6

## HEMA COMMITTEE REPORT - CM

കേരളത്തിൽ സിനിമ മേഖലയിൽ സമഗ്ര നയം നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇതിന്റെ കരട് തയ്യാക്കാൻ ഷാജി എൻ കരുൺ അധ്യക്ഷനായ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഹേമ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയായിരുന്നു അദ്ദേഹം. നയത്തിൻറെ കരട് രേഖ ചർച്ച ചെയ്യാൻ കോൺക്ലേവ് സംഘടിപ്പിക്കും. സിനിമയിലെ സമസ്ത മേഖലയിൽ ഉള്ളവരുമായി വിപുലമായ ചർച്ച നടത്തിയായിരിക്കും നയം രൂപീകരിക്കുക. സിനിമ മേഖലയിൽ ചൂഷണം ചെയ്യപ്പെടുന്നവർക്ക് ഒപ്പമാണ് സംസ്ഥാന സർക്കാരെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. സിനിമ മേഖലയിലെ തെറ്റുകൾ ചോദ്യം ചെയ്യാനും, മികച്ച വേതനം ഉറപ്പാക്കാനും സിനിമാ സംഘടനകൾ ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## CM - ONAM

വയനാട് ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാരിൻറെ ആഭിമുഖ്യത്തിൽ നടക്കുന്ന ഓണാഘോഷപരിപാടി ഒഴിവാക്കിയെങ്കിലും സപ്ലൈകോ, കൺസ്യൂമർഫെഡ് തുടങ്ങിയവയുടെ നേതൃത്വത്തിലുള്ള ഓണച്ചന്തകൾ, ഓണംഫെയറുകൾ എന്നിവ സംഘടിപ്പിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. A.A.Y. റേഷൻകാർഡ് ഉടമകൾക്ക് ഈ വർഷവും ഓണക്കിറ്റ് നൽകും. റിബേറ്റ് ഉൾപ്പെടുത്തി ഖാദി, കൈത്തറി, കയർ ഉൽപ്പന്ന മേളകളും കർഷകചന്തകളും സംഘടിപ്പിക്കും.

&&&&&&&&&&&&&&&&&&

## SREENARAYANA GURU

170-ാമത് ¬ശ്രീനാരായണ ഗുരു ജയന്തിയോടനുബന്ധിച്ച് കേരളത്തിലുടനീളം ഇന്ന് വിപുലമായ ആഘോഷപരിപാടികൾ നടന്നു. വർക്കല ശിവഗിരിയിൽ ജയന്തി സമ്മേളനത്തിന്റെ ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി നിർവഹിച്ചു. തുല്യതയ്ക്കും, സാമൂഹിക ഐക്യത്തിനുമായി, ഗുരുദേവ ദർശനങ്ങൾ ഉൾക്കൊണ്ട് മുന്നോട്ട്പോകേണ്ട കാലഘട്ടമാണിതെന്ന് കേന്ദ്ര സഹമന്ത്രി പറഞ്ഞു. ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലത്തിൽ നടന്ന ആഘോഷപരിപാടിയിൽ പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## IMD WEATHER

രാജ്യത്തിന്റെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ അടുത്ത രണ്ടു ദിവസം അതിതീവ്ര മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പശ്ചിമ ബംഗാൾ, ബീഹാർ, ജാർഖണ്ഡ്, ഒഡീഷ, കേരളം, തമിഴ്നാട്, ലക്ഷദ്വീപ് എന്നിവിടങ്ങളിലും കനത്ത മഴയ്ക്ക് സാധ്യതയുണ്ട്. മഴ മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകി. ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. നാളെ പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കേരള-കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ വെള്ളിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## RUSSIA-UKRAINE

സംഘർഷം നിലനിൽക്കുന്ന കർസ്ക് മേഖലയിലെ 9 അതിർത്തി ജില്ലകളിൽ നിന്ന് ഒരു ലക്ഷത്തി 20,000 ത്തിലധികം ജനങ്ങളെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റിയതായി റഷ്യ. ഒഴിപ്പിക്കൽ നടപടി പുരോഗമിക്കുകയാണെന്ന് റഷ്യയിലെ അടിയന്തര സേവന മന്ത്രാലയം അറിയിച്ചു. അതെസമയം, പക്റോസ്ക് നഗരത്തിൽ നിന്ന് ജനങ്ങൾ മാറണമെന്ന് യുക്രെൻ നിർദേശം നൽകി. റഷ്യൻ

സൈന്യം അതിവേഗം വിന്യസിക്കുന്നതിൻറെ പശ്ചാതലത്തിലാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

&&&&&&&&&&&&&&&&&&

**INDIA – JAPAN**

ഇന്ത്യ -ജപ്പാൻ 2+2 മന്ത്രിതല സംഭാഷണം ന്യൂ ഡൽഹിയിൽ നടന്നു.രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിങ്, വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്താൻ ചർച്ചകൾ വഴിയൊരുക്കുമെന്ന് ശ്രീ ജയ്ശങ്കർ പറഞ്ഞു.

&&&&&&&&&&&&&&&&&&

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആകാശവാണിയിലൂടെയുള്ള പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത്ത് ഈ മാസം 25 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിൻറെ 113-ആം പതിപ്പാണിത്. പരിപാടിയിലേയ്ക്കായി ജനങ്ങൾക്ക് നിർദേശങ്ങളും ആശയങ്ങളും ഈ മാസം 23 വരെ പങ്കുവയ്ക്കാവുന്നതാണ്. നമോ ആപ്പ്, MyGov, ടോൾ ഫ്രീ നമ്പരായ 1800-11-7800 എന്നിവയിലൂടെ അഭിപ്രായങ്ങൾ പങ്കുവയ്ക്കാം.

**REV PM-RAJIV TRIBUTE**

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ എൺപതാമത് ജന്മവാർഷിക ദിനത്തിൽ അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ന്യൂഡൽഹിയിലെ വീർഭൂമിയിലെത്തി രാജീവ് ഗാന്ധിക്ക് സ്മരണാഞ്ജലി അർപ്പിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&